**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** | **15-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലന പരിപാടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് കാലോചിതമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഓരോ വർഷവും സ്കൂൾ തുറക്കുന്നതിന് മുൻപുള്ള വെക്കേഷൻ കാലത്ത് പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകി വരുന്നു. പ്രസ്തുത പരിശീലനത്തിന്റെ മൊഡ്യൂൾ വിദഗ്ധരുടെ സഹായത്തോടെ എസ്.സി.ഇ. ആർ.ടി യുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൃത്യമായ ബാച്ചുകളാക്കി അധ്യാപകർക്ക് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ അധ്യാപകപരിശീലനം നൽകുകയും ചെയ്യുന്നു. അവധിക്കാലത്തു തന്നെ കൈറ്റിന്റെ നേതൃത്വത്തിൽ അധ്യാപകർക്ക് ഐ.ടി പരിശീലനവും നൽകുന്നു. തുടർന്ന് എല്ലാ വർഷവും അധ്യാപകർക്ക് പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ക്ലസ്റ്റർ പരിശീലനങ്ങളും നൽകുന്നു. ഹയർ സെക്കന്ററി മേഖലയിൽ പത്ത് ദിവസത്തെ ഹയർസെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫർമേഷൻ പ്രോഗ്രാം എന്ന പേരിലുള്ള റസിഡൻഷ്യൽ രീതിയിലുള്ള പരിശീലനം സംഘടിപ്പിച്ച് വരുന്നു. സർവീസിൽ പുതിയതായി പ്രവേശിച്ച അധ്യാപകർക്കായി നവ അധ്യാപക സംഗമം എന്ന പേരിൽ ഇൻഡക്ഷൻ ട്രെയിനിങ് എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സീമാറ്റ് എന്ന വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ പ്രഥമാധ്യാപകർക്കായി വ്യത്യസ്ത രീതിയിലുള്ള മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശിശു | (ബി) | പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് ശിശു |

| | | | |
|---|---|---|---|
| | കേന്ദ്രീകൃതമായ രീതിയിൽ പഠിപ്പിക്കാനുള്ള പരിശീലനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | | കേന്ദ്രീകൃതമായ രീതിയിൽ പഠിപ്പിക്കാനുള്ള പരിശീലനമാണ് നൽകി വരുന്നത്. അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ എല്ലാംതന്നെ കേരളത്തിൽ നിലനിൽക്കുന്ന വിദ്യാർഥി കേന്ദ്രീകൃതമായ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് സഹായകമായ വിധത്തിലാണ് സംഘടിപ്പിക്കുന്നത്. ശിശു കേന്ദ്രീകൃതമായ പഠനപദ്ധതി വിജയിപ്പിക്കുന്നതിന് ഉള്ളടക്കം, പഠന തന്ത്രങ്ങൾ, ക്ലാസ്സ്റൂമിലെ പ്രായോഗികമായ പ്രശ്നങ്ങൾ പരിഹരിക്കൽ, ബാലാവകാശങ്ങൾ, വിവരസാങ്കേതികവിദ്യ, ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിയ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. . |
| (സി) | പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം പരിശോധിക്കുന്നതിന് വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ അക്കാദമിക മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസർമാരുടെയും, എസ്.എസ്.കെ, ഡയറ്റ് എന്നീ ഏജൻസികളുടെ നേതൃത്വത്തിലും അക്കാദമിക് മോണിറ്ററിംഗ് നടത്തിവരുന്നു. സംസ്ഥാനത്തെ 14 ഡയറ്റുകളും പ്രത്യേക മോണിറ്ററിംഗ് ഫോർമാറ്റുകൾ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ അക്കാദമിക് മോണിറ്ററിംഗ് നടത്തി വരുന്നു. അക്കാദമിക് മോണിറ്ററിംഗ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാ നത്ത് എല്ലാ ജില്ലകൾക്കും ഒറ്റ ഫോർമാറ്റ് രൂപീകരിക്കുകയും അക്കാദമിക് മോണിറ്ററിംഗിനോട് അനുബന്ധിച്ച് ഓരോ വിഭാഗം ഉദ്യോഗസ്ഥരുടേയും ചുമതലകൾ നിർവചിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അധ്യാപകരുടെ സ്വയം വിലയിരുത്തൽ, പ്രഥമാധ്യാപകരുടെ വിലയിരുത്തൽ, വിദ്യാഭ്യാസ ഓഫീസർമാരുടെ വിലയിരു ത്തൽ, വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ വിലയിരുത്തൽ എന്നിങ്ങനെ നാല് തലങ്ങളിൽ അക്കാദമിക് മോണിറ്ററിംഗ് നടക്കുകയും ആയതിന്റെ സംസ്ഥാനതല അവലോകനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിലും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ